കേരള സർക്കാർ

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംഗ് വർക്ക് (NSQF) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 66 സർക്കാർ തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി സ്കൂളുകളിൽ നടപ്പാക്കുന്നതിന് അനുമതി നല്കുന്നത് - സംബന്ധിച്ച്

==========================================================================

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

**സ.ഉ(കൈ)നം.56/2018/പൊ.വി.വ തീയതി, തിരുവനന്തപുരം 09.05.2018**

-========-================================================================

പരാമർശം :
1. 2013 ഡിസംബർ 27 ന് കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ച 8/6/2013/Invt നമ്പർ നോട്ടിഫിക്കേഷൻ
2.13.04.2017 ലെ സ.ഉ((സാധാ)നം.1064/2017/പൊ.വി.വ
3.19.12.2017 ലെ സ.ഉ(സാധാ)4876/2017/പൊ.വി.വ
4.06.04.2018 ലെ കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ MHRD/F.No.18/1-8/2016-RMSA/IV/VE നമ്പർ കത്ത്
5. 05.05.2018 ലെ സംസ്ഥാന വിദ്യാഭ്യാസ പരിശീലന സമിതി ഡയറക്ടറുടെ പി3/4145/2017/എസ്.സി.ഇ.ആർ.ടി നമ്പർ കത്ത്
6. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ ഡയറക്ടറുടെ 05.05.18 ലെയും, 07.05.2018 ലെയും സി2/1029/17 നമ്പർ കത്ത്

**ഉത്തരവ്**

രാജ്യത്തെ സ്കൂളുകളിൽ എൻ.എസ്.ക്യു.എഫ് (National Skill Qualification Framework) നടപ്പാക്കാൻ സംസ്ഥാനങ്ങൾക്ക് ബാദ്ധ്യതയുണ്ടെന്നും, 2018 ഡിസംബർ 27 നുള്ളിൽ സംസ്ഥാനത്തെ എല്ലാ തൊഴിലധിഷ്ഠിത കോഴ്സുകളും NSQF അധിഷ്ഠിത കോഴ്സുകളാക്കണമെന്ന് പരാമർശം (1) നോട്ടിഫിക്കേഷനിൽ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് കേരളത്തിൽ NSQF നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി പരാമർശം (2) പ്രകാരം പ്രൊഫ.ആർ.വി.ജി.മേനോൻ ചെയർമാനായി ഒരു ഹൈ പവർ കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. തുടർന്ന് പരാമർശം (3) പ്രകാരം 2018 ജൂണിൽ NSQF പാഠ്യപദ്ധതി സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കുന്നതിന് തൊഴിലധിഷ്ഠിത വിദ്യാഭ്യാസ ഡയറക്ടറുമായി കൂടിയാലോചിച്ച് തുടർനടപടി സ്വീകരിക്കുന്നതിന്, സർക്കാർ, എസ്.സി.ആർ.ടി ഡയറക്ടറെ ചുമതലപ്പെടുത്തി.

2. 2018 ഫെബ്രുവരി 20 ന് ചേർന്ന് സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി, ദേശീയ തലത്തിൽ അംഗീകരിക്കപ്പെട്ടതും കേരളത്തിലെ വൊക്കേഷണൽ വിദ്യാഭ്യാസത്തിൽ ഉൾപ്പെട്ടതുമായ വിഷയങ്ങൾ, തെരഞ്ഞെടുത്ത വിദ്യാലയങ്ങളിലെ 11, 12 ക്ലാസ്സുകളിൽ ആവശ്യമായ ഭേദഗതികളോടെ, ആദ്യഘട്ടത്തിൽ നടപ്പിലാക്കുന്നതിന് അനുമതി നൽകുകയുണ്ടായി

3. ഹയർ സെക്കൻഡറി തലത്തിൽ നടപ്പിലാക്കാവുന്ന ജോബ് റോളുകൾ ഏതൊക്കെയെന്ന് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം പരാമർശം (4) കത്ത് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. 27.04.2018 ന് ഹൈ പവർ കമ്മിറ്റി ചെയർമാൻ സർക്കാരിന് നൽകിയ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 9 സ്കിൽ സെക്ടറുകളിലുള്ള എൻ.എസ്.ക്യു.സി(National Skill Qualification Committee) അംഗീകരിച്ച താഴെപ്പറയുന്ന 12 ജോബ് റോളുകൾ 66 സർക്കാർ തൊഴിലധിഷ്ഠിത ഹയർ സെക്കൻഡറി സ്കൂളുകളിലെ 147 ബാച്ചുകളിൽ നടപ്പാക്കുന്നതിന് നിർദ്ദേശിക്കുകയുണ്ടായി.

| വിഭാഗം | മേഖല | ജോബ് റോളിന്റെ പേര് | ജോബ് റോളിന്റെ ചുരുക്ക പേര് | ജോബ് റോളിന്റെ കോഡ് |
|---|---|---|---|---|
| A | Electronics & Hardware | A1. Installation Technician-Computing Peripherals | ITCP | 01 |
| B | Telecom | B1.Optical Fibre Technician | OFT | 2 |
| C | Power | C1.Distribution Linemen<br>C2.Cable Jointer-Electrical Power System | DL<br>CJPS | 03<br>04 |
| D | IT & IESS | D1.Domestic Biometric Data Entry Operator | DBDO | 05 |
| E | Agriculture | E1. Micro Irrigation Technician<br>E2. Floriculturist (Open Cultivation)<br>E3. Gardener | MIT<br>FOC<br>GNR | 06<br>07<br>08 |
| F | Healthcare | F1.General Duty Assistant | GDA | 9 |
| G | Beauty & Wellness | G1.Beauty therapist | BT | 10 |
| H | Tourism & Hospitality | H1.Meet and Greet Officer | MGO | 11 |
| I | Retail | I1.Sales Associates | SA | 12 |

4. കമ്മിറ്റി നിർദ്ദേശിച്ച 66 സർക്കാർ സ്കൂളുകളിൽ തുടർന്നുവരുന്ന തൊഴിലധിഷ്ഠിത കോഴ്സുകൾ NSQF ജോബ് റോളുമായി വളരെയധികം സാമ്യമുള്ളതായതിനാൽ പ്രാരംഭഘട്ടമെന്ന നിലയിൽ 66 സർക്കാർ തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി സ്കൂളുകളിലും, 2018-19 അദ്ധ്യായന വർഷം മുതൽ കമ്മിറ്റി നിർദ്ദേശിച്ച ജോബ് റോളുകൾ നടപ്പാക്കാവുന്നതാണെന്നും, കേന്ദ്ര സർക്കാരിന്റെ VSHSE (Vocationalisation of Secondary & Higher Secondary Education) സ്കീം പ്രകാരം ഒരു ബാച്ചിൽ പരമാവധി 40 കുട്ടികൾക്കാണ് പ്രവേശനം അനുവദിക്കപ്പെട്ടിട്ടുള്ളതെങ്കിലും പ്രാരംഭഘട്ടമെന്ന നിലയിൽ 30 കുട്ടികൾക്ക് പ്രവേശനം നൽകുന്നതാണ് അഭികാമ്യമെന്നും എസ്.സി.ആർ.ടി ഡയറക്ടർ പരാമർശം (5) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

5. വി.എച്ച്.എസ്.ഇയിൽ നിലവിലുള്ള പാഠ്യപദ്ധതി പ്രകാരം ഒരു സ്കൂളിലെ നോൺവൊക്കേഷണൽ വിഷയങ്ങൾ രണ്ട് ബാച്ചുകളിൽ ഒന്നാണെങ്കിൽ പ്രസ്തുത ക്ലാസ്സ് കംബയിൻഡ് ക്ലാസ്സ് ആയി നടത്തുകയാണ് ചെയ്യുന്നത്. ഈ സാഹചര്യത്തിൽ എൻ.എസ്.ക്യു.എഫ് പാഠ്യപദ്ധതി നടപ്പാക്കുന്ന സ്കൂളുകളിലും, നോൺ വൊക്കേഷണൽ വിഷയങ്ങൾ രണ്ട് ബാച്ചുകൾക്ക് കംബയിൻഡ് ക്ലാസ് ആയി നടത്തേണ്ടി വരുന്നതാണ്. ഒരു ബാച്ചിൽ 30 കുട്ടികളെ എടുത്താൽ കംബയിൻഡ് ക്ലാസ്സിൽ 60 കുട്ടികൾ ഉണ്ടാകും. 60 കുട്ടികളിൽ കൂടുതൽ ആയാൽ നോൺവൊക്കേഷണൽ വിഷയങ്ങൾ പഠിപ്പിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാകുമെന്നതിനാൽ ഈ വർഷം ഒരു ബാച്ചിൽ പരമാവധി 30 കുട്ടികൾക്ക് പ്രവേശനം നല്കുന്നതാണ് ഉചിതമെന്ന് പരാമർശം (6) പ്രകാരം തൊഴിലധിഷ്ഠിത വിദ്യാഭ്യാസ ഡയറക്ടർ അഭിപ്രായപ്പെടുകയുണ്ടായി.

5. സർക്കാർ എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെയും, തൊഴിലധിഷ്ഠിത വിദ്യാഭ്യാസ

ഡയറക്ടറുടെയും റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഈ വിഷയം വിശദമായി പരിശോധിച്ചു. NSQF പാഠ്യപദ്ധതി നിലവിലെ 389 തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഒറ്റത്തവണയായി നടപ്പിലാക്കുന്നതിലുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ച്, ആദ്യ ഘട്ടമെന്ന നിലയിൽ 9 സ്കിൽ സെക്ടറുകളിലുള്ള എൻ.എസ്.ക്യു.സി (National Skill Qualification Committee) അംഗീകരിച്ച മേൽ വിവരിച്ചിട്ടുള്ള 12 ജോബ് റോളുകൾ, 66 സർക്കാർ തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി സ്കൂളുകളിൽ (ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു) 11, 12 ക്ലാസ്സുകളിൽ, 30 വിദ്യാർത്ഥികൾ വീതം അടങ്ങുന്ന 147 ബാച്ചുകളിൽ NSQF (National Skill Qualification Framework) അധിഷ്ഠിത പാഠ്യപദ്ധതി 2018-19 അദ്ധ്യയന വർഷം മുതൽ തുടങ്ങുവാൻ തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ.ഷാജഹാൻ

സെക്രട്ടറി

1. ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം ,തിരുവനന്തപുരം.
2. ഡയറക്ടർ, എസ്.സി.ആർ.ടി, തിരുവനന്തപുരം
3. ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം ,തിരുവനന്തപുരം.
4. ഡയറക്ടർ, പൊതുവിദ്യാഭ്യാസം, തിരുവനന്തപുരം
5. അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം
6. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം
7. സെക്രട്ടറി, പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
8. ഡയറക്ടർ, എഡ്യൂക്കേഷൻ & ട്രെയിനിംഗ്, തിരുവനന്തപുരം
9. ലേബർ കമ്മീഷണർ, തിരുവനന്തപുരം
10. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് & പ്രസ്സ് റിലീസിന്)
11. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്: ബഹു.മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എക്ക്

95 5

# NSQF School & Course List

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | 901001 | GVHSS,Kuluthur,Uchakada | ITCP | FOC | MIT | | 3 | TVPM |
| 2 | 901002 | GVHSS, Vithura | FOC | GNR | MIT | | 3 | TVPM |
| 3 | 901004 | GVHSS,Parassala | FOC | GNR | MIT | | 3 | TVPM |
| 4 | 901006 | GVHSS,Vakkom | FOC | GNR | | | 2 | TVPM |
| 5 | 901014 | GVHSS,Veeranakavu | ITCP | FOC | GNR | GDA | 4 | TVPM |
| 6 | 901015 | GVHSS,Kallara | ITCP | DL | | | 2 | TVPM |
| 7 | 901017 | GVHSS,Vattiyoorkavu | DBDO | ITCP | | | 2 | TVPM |
| 8 | 901019 | GVHSS,Karakulam | ITCP | OFT | | | 2 | TVPM |
| 9 | 901022 | GVHSS(Boys),Mancha, Nedumangad | ITCP | OFT | DBDO | | 3 | TVPM |
| 10 | 901037 | GVHSS,Paruniyam | ITCP | DBDO | | | 2 | TVPM |
| 11 | 902007 | GVHSS&THS,Ezhukone-691505 | OFT | | | | 1 | KOLLAM |
| 12 | 902011 | GVHSS,Kulakkada | FOC | GNR | | | 2 | KOLLAM |
| 13 | 903009 | GVHSS, Thalavady-689572 | MIT | GNR | | | 2 | APLY |
| 14 | 903011 | AT GVHSS, Moncompu-688502 | FOC | GNR | | | 2 | APLY |
| 15 | 903012 | GVHSS, Illippakulam-690503 | FOC | GNR | | | 2 | APLY |
| 16 | 903018 | GVHSS ,Eravankara-690108 | DBDO | GNR | | | 2 | APLY |
| 17 | 904006 | GVHSS ,Elanthur -689643 | ITCP | DL | | | 2 | PTA |
| 18 | 904007 | GVHSS ,Vadasserikkara,Adoor-691529 | ITCP | CIPS | | | 2 | PTA |
| 19 | 905002 | RVGVHSS,Chennapady | FOC | GNR | | | 2 | KTYM |
| 20 | 905003 | GVHSS,Thidanadu | MIT | GNR | | | 2 | KTYM |
| 21 | 905011 | GVHSS,Vazhappally-686103 | ITCP | OFT | | | 2 | KTYM |
| 22 | 905016 | St. George GVHSS,Puthuppally-686011 | ITCP | DBDO | | | 2 | KTYM |
| 23 | 905020 | GVHSS,Ponkunnam-686506 | DL | OFT | | | 2 | KTYM |
| 24 | 905022 | GVHSS, Vayala-686587 | DBDO | ITCP | | | 2 | KTYM |
| 25 | 906002 | GVHSS,Kumily-685509 | MIT | GNR | | | 2 | IDKY |
| 26 | 906006 | GVHSS,Nedumkandam-685553 | OFT | ITCP | | | 2 | IDKY |
| 27 | 906012 | GVHSS,Munnar-685612 | MIT | FOC | | | 2 | IDKY |
| 28 | 906013 | GVHSS,Maniyarankudy-685602 | MIT | GNR | | | 2 | IDKY |
| 29 | 907001 | GVHSS,Neriyamangalam-686693 | MIT | GNR | | | 2 | EKM |
| 30 | 907005 | GVHSS,Thirumarady-686687 | FOC | GNR | | | 2 | EKM |
| 31 | 907007 | GVHSS,Muthirappilly-686691 | FOC | GNR | MIT | | 3 | EKM |
| 32 | 907013 | SRVVHSS,Ernakulam-682011 | MGO | SA | | | 2 | EKM |
| 33 | 907015 | GVHSS,Thripunithura-682301 | ITCP | OFT | | | 2 | EKM |
| 34 | 907031 | GVHSS,Thrikkakara-682021 | DBDO | SA | | | 2 | EKM |
| 35 | 908003 | GVHSS,Ramavarmapuram-680631 | ITCP | CIPS | FOC | GNR | 4 | TSR |
| 36 | 908004 | GVHSS,Nadavaramba-680631 | FOC | GNR | | | 2 | TSR |
| 37 | 908005 | GVHSS,Pudukkad-680301 | FOC | GNR | | | 2 | TSR |
| 38 | 908012 | GVHSS,Cherpu-680561 | ITCP | OFT | | | 2 | TSR |
| 39 | 908019 | GVHSS,CHAVAKAD-680514 | ITCP | DL | | | 2 | TSR |
| 40 | 908024 | GVHSS,Thalikulam-680569 | DBDO | ITCP | | | 2 | TSR |
| 41 | 908036 | GVHSS for Deaf,Kunnamkulam-680503 | DBDO | BT | | | 2 | TSR |
| 42 | 909001 | GVHSS(Boys) Chittur-678104 | MIT | GNR | | | 2 | PLKD |
| 43 | 909003 | GTHS Chittur-678101 | MIT | ITCP | | | 2 | PLKD |
| 44 | 909007 | GVHSS ,Pathiripala -678642 | ITCP | DL | | | 2 | PLKD |
| 45 | 909010 | GVHSS, Kanjikode-678621 | ITCP | DL | | | 2 | PLKD |
| 46 | 909015 | GT VHSS Puthoor,Attappady-678581 | MIT | FOC | | | 2 | PLKD |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 47 | 910002 | KMPBGVHSS, Tavanur-679573 | MIT | GNR | | | 2 | MLPM |
| 48 | 910008 | GVHSS,Nilambur-6793290 | FOC | GNR | MIT | | 3 | MLPM |
| 49 | 910010 | GVHSS ,Mankada-679324 | ITCP | OFT | | | 2 | MLPM |
| 50 | 910013 | GVHSS, Mampadu-676542 | DBDO | ITCP | | | 2 | MLPM |
| 51 | 911004 | GVHSS,Meppayur-673524 | ITCP | DL | OFT | GNR | 4 | KKD |
| 52 | 911015 | GVHSS,Kinassery-673013 | DBDO | ITCP | | | 2 | KKD |
| 53 | 911027 | GMVHSS Koilandy -673305 | DL | ITCP | DBDO | CJPS | 4 | KKD |
| 54 | 912006 | GVHSS, Mananthavady-6735645 | MIT | GNR | | | 2 | WYND |
| 55 | 912009 | GVHSS, Vellarmala-673878 | MGO | ITCP | | | 2 | WYND |
| 56 | 913001 | TVGVHSS,Thaliparamba-670141 | FOC | GNR | | | 2 | KNNR |
| 57 | 913002 | GVHSS,Kurumathur-670142 | MIT | GNR | | | 2 | KNNR |
| 58 | 913010 | GVHSS, Kadirur-670642 | OFT | DL | GNR | | 3 | KNNR |
| 59 | 913019 | GVHSS, Karthikapuram-670 571 | DBDO | FOC | | | 2 | KNNR |
| 60 | 914001 | VPPMKPS GVHSS,Trikaripur-671310 | ITCP | OFT | MIT | GNR | 4 | KSGD |
| 61 | 914002 | GVHSS,Kuradka-671542 | MIT | GNR | | | 2 | KSGD |
| 62 | 914005 | THS &GVHS,Cheruvathur-671313 | MIT | ITCP | | | 2 | KSGD |
| 63 | 914007 | GVHSS,Mogral-671321 | DL | ITCP | | | 2 | KSGD |
| 64 | 914009 | GVHSS,Kunjathur-671323 | DBDO | ITCP | | | 2 | KSGD |
| 65 | 914011 | MPS GVHSS,Hellikoth-671531 | FOC | GNR | | | 2 | KSGD |
| 66 | 914020 | GVHSS, Delambadi - 671514 | ITCP | | | | 1 | KSGD |